# संस्कृतभाषायां विवर्तयत ।

മഹാകവി കാളിദാസനാൽ രചിക്കപ്പെട്ട വിശ്വപ്രസിദ്ധമായ നാടകമാണ് അഭിജ്ഞാനശാകുന്തളം. ഈ നാടകത്തിൽ ഏഴ് അങ്കങ്ങളാണുള്ളത്. നായാട്ടിനായി വനത്തിലെത്തിയ ദുഷ്യന്തരാജാവ് ശകുന്തളയെ കണ്ട് അവളിൽ അനുരക്തനായിത്തീർന്നു. അദ്ദേഹം ഗാന്ധർവ്വവിധിപ്രകാരം ശകുന്തളയെ പരിണയിച്ചുവെങ്കിലും രാജ്യകാര്യങ്ങൾക്കായി കൊട്ടാരത്തിലേക്ക് തിരിച്ചുപോയി. ഒരിക്കൽ ദുഷ്യന്തനെയോർത്ത് പരിസരം മറന്ന് ഇരുന്ന ശകുന്തളയെ, തന്നെ വിധിപ്രകാരം ആദരിക്കാൻ മറന്നുപോയതിന് ദുർവ്വാവാസാവ് മഹർഷി ശപിച്ചു. ഗർഭിണിയായ ശകുന്തളയെ ദുഷ്യന്തസവിധത്തിലേക്കയക്കുവാൻ കണ്വമഹർഷി തീരുമാനിച്ചു.

അഭിജ്ഞാനശാകുന്തളത്തിലെ നാലാമങ്കത്തിൽ ശകുന്തള ഭർതൃഗൃഹത്തിലേക്ക് യാത്രയാകുന്ന വേളയിൽ കണ്വമഹർഷി ദുഷ്യന്തനുള്ള സന്ദേശം ശ്ലോകരൂപത്തിൽ ശാർങ്ഗരവനോട് പറഞ്ഞയക്കുന്നു. തുടർന്ന് ശകുന്തളയോട് ഭർതൃഗൃഹത്തിൽ സപത്നികളോടും പരിചാരകരോടും പെരുമാറേണ്ടവിധം ശ്ലോകരൂപത്തിൽ ഉപദേശിക്കുന്നു. തപോവന വിരഹാകുലയായ ശകുന്തളയോട് എന്നാണിനി തിരികെ വരേണ്ടതെന്ന് കണ്വൻ ശ്ലോകരൂപത്തിൽ പറയുകയും അവൾക്ക് ശുഭമാർഗം ആശംസിക്കുകയും ചെയ്യുന്നു. ശകുന്തള കണ്ണിൽനിന്നു മറഞ്ഞപ്പോൾ ദുഃഖിതരായ തോഴിമാരെ കണ്വമഹർഷി ആശ്വസിപ്പിക്കുകയും കർത്തവ്യനിർവ്വഹണത്തിനാൽ സ്വയം ആശ്വസിക്കുകയും ചെയ്യുന്നു.